**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :*507 **19.11.2019**-ൽ മറുപടിക്ക്

## വ്യവസായ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ.കെ. ദാസൻ**<br>**ശ്രീ.കെ. ആൻസലൻ** | **ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വ്യവസായ വികസനം സാധ്യമാക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിന് കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(എ)** വ്യവസായ പാർക്കുകൾക്കായി 1278.63 കോടി രൂപയുടേയും കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ സമുച്ചയങ്ങളുടെ നിർമാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് 12710 കോടി രൂപയുടേയും പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന വ്യവസായ വകുപ്പിന് കീഴിലുള്ള പദ്ധതികളുടെ വിവരങ്ങൾ (തുക ഉൾപ്പെടെ) ചുവടെ കാണാവുന്നതാണ്. |

| SL. NO | Project Name | KIIFB Approved Project Cost (Rs. In crore) | SPV Name |
|---|---|---|---|
| 1 | Setting up of Petrochemical & Pharma Park | 977.46 | KINFRA |
| 2 | Life Sciences Park Phase II- Trivandrum | 301.17 | KSIDC |
| 3 | Development of Industrial infrastructure - Land Acquisition in Kannur and Palakkad Districts | 12710 | KINFRA |

| | |
|---|---|
| (ബി) കണ്ണൂർ വിമാനത്താവളത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്ത് വ്യവസായ സമുച്ചയങ്ങളുടെ ബൃഹത് ശൃംഖല സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | **(ബി)** കണ്ണൂർ എയർപോർട്ടിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് കീഴല്ലൂർ, പട്ടവിലായി, അഞ്ചരക്കണ്ടി, പനയത്താമ്പറമ്പ്, പട്ടാന്നൂർ, മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ, മട്ടന്നൂർ, പടിയൂർ, കൂടാളി, ചാവശ്ശേരി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ 4526 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പൂർത്തിയായി വരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് 'ഗ്രോത്ത് കോറിഡോർ' സ്ഥാപിക്കാനുള്ള പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(സി)** പൂർത്തിയായി വരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ വിനിയോഗിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ **"ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ"** എന്ന ബൃഹത്ത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മി നീളമുള്ള ഒരു ഇടനാഴിയാണ് വിഭാവന ചെയ്തിട്ടുള്ളത്.<br><br>ടി പദ്ധതിക്കു പുറമേ "CEPT University" മുഖാന്തിരം വിഴിഞ്ഞം തുറമുഖത്തിന്റെ സ്വാധീന പ്രദേശങ്ങളിൽ ആസൂത്രിത വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു "ഏരിയ ഡെവലപ്മെന്റ് പ്ലാൻ" തയ്യാറാക്കിയിട്ടുണ്ട്. ടി പ്ലാൻ പ്രകാരം സ്വാധീന പ്രദേശമായി കണ്ടെത്തിയ 272 സ്ക്വയർ കി.മീ വിസ്തീർണ്ണത്തിൽ ആസൂത്രിത വികസനം നടത്തുന്നതിനായി വിവിധ സോണുകളായി തരം തിരിച്ചിട്ടുണ്ട്. ടി പദ്ധതി സർക്കാർ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ **"ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി"** മുഖാന്തിരം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | |
|---|---|
| (ഡി) വിവിധ ബൃഹത് പദ്ധതികൾക്കായി കണ്ടെത്തുന്ന ഭൂമി കുടിയൊഴിപ്പിക്കൽ ഏറ്റവും പരിമിതപ്പെടുത്തി ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളായിരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | **(ഡി)** ബൃഹത് പദ്ധതികൾക്ക് ഭൂമി കണ്ടെത്തുമ്പോൾ ജി.ഒ.(എം.എസ്) നം.448/2017/ആർ.ഡി തീയതി. 29/12/2017 ഉത്തരവ് പ്രകാരമുള്ള പുനരധിവാസ രീതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**